## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1209 | | 02.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ഇ-വേസ്റ്റ് സംസ്കരണം** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.എ.പ്രദീപ്കുമാർ**<br>**ശ്രീ.കെ.ജെ.മാക്സി**<br>**ശ്രീ.വി. ജോയി**<br>**പ്രൊഫ.കെ.യു. അരുണൻ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിക്കുന്നതനുസരിച്ച് ഇ-വേസ്റ്റ് വർദ്ധിക്കുന്നത് വലിയ തോതിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർന്നു വരുന്നതിന് കാരണമായിട്ടുള്ളത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇ-വേസ്റ്റ് വീടുകളിൽ പോയി ശേഖരിക്കുന്നതിനും അവ സുരക്ഷിതമായി സംഭരിക്കുന്നതിനും ശാസ്ത്രീയസംസ്കരണശാലകളിൽ എത്തിക്കുന്നതിനുമായി ഒരു ടാസ്ക് ഫോഴ്സിനു രൂപം നൽകുമോ? | (ബി) | ഇലക്ട്രോണിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനായി, സർക്കാർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഇലക്ട്രോണിക് / ഇലക്ട്രിക്കൽ മാലിന്യങ്ങൾ കിലോക്ക് 10 രൂപ എന്ന നിരക്കിൽ ശേഖരിച്ച് പുനഃചംക്രമണം നടത്തി വരുന്നുണ്ട്.<br>ക്ലീൻ കേരളാ കമ്പനി ലിമിറ്റഡ് മുഖേന 320 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുകയുണ്ടായി.<br>മാലിന്യങ്ങൾ വീടുകളിൽ പോയി ശേഖരിക്കുവാനുള്ള ടാസ്ക് ഫോഴ്സിന് രൂപം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ